20430799

# MALAYALAM

*Maximum Marks : 80*

*Time Allotted : Three Hours*

*Reading Time : Additional Fifteen Minutes*

## Instructions to Candidates

1. You are allowed an **additional fifteen minutes** for **only** reading the question paper.
2. You must **NOT** start writing during reading time.
3. This question paper has **11 printed pages and one blank page**.
4. It is divided into **two sections : Section A and Section B**.
5. It has **fifteen questions** in all.
6. **Section A** has **three questions**. All questions are compulsory.
7. While attempting **Multiple Choice Questions** in Section A, you are required to **write only ONE option as the answer**.
8. **Section B** has **twelve questions**. You are required to attempt **any four** questions in this section on **any three** out of the four prescribed textbooks.
9. The intended marks for questions are given in brackets [ ].

## Instruction to Supervising Examiner

1. Kindly read **aloud** the Instructions given above to all the candidates present in the examination hall.

SEAL

20430799


© Copyright reserved.

## SECTION - A
## LANGUAGE - 40 MARKS

**Question 1** **[15]**

**Write a composition in approximately 400 words in Malayalam on any ONE of the topics given below.**

**താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി 400 വാക്കിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.**

(i) ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ പുരോഗതി വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ പല മാറ്റങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ആ മാറ്റങ്ങൾ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ എങ്ങനെ സ്വാധീനിച്ചിട്ടുണ്ടെന്ന് വിവരിക്കുക.

(ii) ആധുനികകാലത്തു ജനങ്ങൾക്കു പലതരത്തിലുള്ള വിവരങ്ങൾ നൽകുന്നതിൽ പരസ്യങ്ങളുടെ പങ്ക് വളരെവലുതാണ്. പരസ്യങ്ങളുടെ ആവശ്യകതയെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iii) ജീവിതത്തിൽ മുന്നേറാനുള്ള നല്ല അവസരങ്ങൾ അപൂർവമായി മാത്രമെ ലഭിക്കുകയുള്ളു നിങ്ങൾക്കു അത്തരത്തിൽ ലഭിച്ച ഒരു അവസരത്തെപ്പറ്റിയും അതിലൂടെ സ്വന്തം കഴിവുകൾ പ്രകടിപ്പിച്ചു നേട്ടമുണ്ടാക്കിയതിനെപ്പറ്റിയും വിവരിക്കുക.

(iv) മനുഷ്യനു ആവശ്യമുള്ള കാര്യങ്ങൾ പെട്ടെന്ന് നേടിയെടുക്കാനും ആർഭാടത്തോടും സുരക്ഷിതത്വത്തോടും ജീവിക്കാനും നഗരജീവിതത്തിനു കഴിയുന്നുണ്ട്. എന്നാൽ അവിടെ നിരവധി പ്രശ്നങ്ങളും അസംതൃപ്തികളും അസ്വസ്ഥതകളും കാണാൻ കഴിയും. ചർച്ച ചെയ്യുക.

(v) മറ്റുള്ള എല്ലാ വികസന പ്രവർത്തനങ്ങളോടോപ്പം പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ് 'സ്ത്രീ സുരക്ഷ'. ഈ രംഗത്തു ഭരണാധികാരികളുടെ കൂടുതൽ ശ്രദ്ധ പതിയേണ്ട ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. വസ്തുതകൾ ഉദ്ധരിച്ച് സമർത്ഥിക്കുക.

(vi) താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു സ്വതന്ത്ര കഥ എഴുതുക.

(a) സമാഗമം

(b) മഴ

**Question 2**

**Read the passage given below carefully and answer the questions that follow, using your own words in Malayalam.**

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക.**

മനുഷ്യൻ എന്നും നല്ലനാളെയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യുന്നവനാണ്. ദുഃഖങ്ങളുടെ നടുവിലും ജീവിതത്തിനു നിറവും മണവും പകരുന്നത് ആ സ്വപ്നങ്ങളാണ്. ആ ശുഭപ്രതീക്ഷ, ശുഭാപ്തി വിശ്വാസം ഒരിക്കലും നമ്മൾ കൈവെടിയരുത്. പുതിയതായി വിരിഞ്ഞ ഒരു പനിനീർപ്പൂവിനെ എന്നപോലെ ജീവിതത്തിലെ ഓരോനിമിഷത്തേയും, പുതിയ ഉണർവോടെ, പുതിയ പ്രതീക്ഷയോടെ സമീപിക്കാൻ നമുക്കു കഴിയണം.

ലോകജീവിതത്തിൽ നമുക്കുനല്ലതു മാത്രം കിട്ടിയെന്നു വരില്ല. നല്ല അനുഭവങ്ങളെക്കാൾ ചീത്ത അനുഭവങ്ങളാണ് പൊതുവെ നമ്മെ കാത്തിരിക്കുന്നത്. എങ്കിലും നമ്മൾ ധീരരായിരിക്കണം. ആരുമറിയാത്തൊരു കരം, നമ്മെ നയിക്കുന്നുണ്ട്. അതുകൊണ്ട് ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ടുപോവുക. പ്രതികൂല സാഹചര്യങ്ങളെ നമ്മുടെ വളർച്ചയ്ക്കും വിജയത്തിനുമുള്ള ചവിട്ടുപടിയാക്കാൻ നമ്മൾ പഠിക്കണം.

നല്ല മനുഷ്യരെപ്പോലും തെറ്റുചെയ്യാൻ പ്രേരിപ്പിക്കുന്ന ഒരു ദുഷ്ടശക്തിയാണ് ചെകുത്താൻ എന്നൊരു വിശ്വാസം പല മതങ്ങളിലുമുണ്ട്. ഒരു ദിവസം ചെകുത്താൻ ഒരു തീരുമാനമെടുത്തു. തന്റെ തൊഴിലിൽ നിന്ന് എന്നന്നേക്കുമായി വിരമിക്കുക എന്നതായിരുന്നു ആ തീരുമാനം. തുടർന്നു ചെകുത്താൻ തന്റെ തൊഴിലുപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പനയ്ക്കുവച്ചു. ഉപകരണങ്ങൾ ഒരിടത്തു ആകർഷകമായി പ്രദർശിപ്പിച്ചു. അവയിൽ സ്വാർത്ഥത, അഹങ്കാരം, കാമവാസന, വെറുപ്പ്, ക്രോധം, അത്യാഗ്രഹം, അസൂയ, അധികാരമോഹം എന്നിങ്ങനെ അനേകം ഉപകരണങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒരെണ്ണം വളരെ പഴക്കം തോന്നിച്ചിരുന്നു. എന്നാൽ, അതിന്റെ വില മറ്റുള്ളവയെ അപേക്ഷിച്ചു വളരെ കൂടുതലായിരുന്നു.

ഒരാൾ ചെകുത്താനോടു ചോദിച്ചു "ഇത് എന്താണ്'' ചെകുത്താൻ മറുപടിപറഞ്ഞു. ''അത് നിരാശയും നിരുത്സാഹവുമാണ്.'' ''എന്തുകൊണ്ടാണ് ഇതിനു ഇത്രമാത്രം വിലയിട്ടിരിക്കുന്നത്'' ചെകുത്താൻ പറഞ്ഞു എന്റെ കയ്യിലുള്ള മറ്റെല്ലാ ഉപകരണങ്ങളും പരാജയപ്പെടുന്നിടത്തു ഈ ഒരൊറ്റ ഉപകരണം മതിയാകും. ഒരു മനുഷ്യന്റെ ഹൃദയത്തിൽ നിരാശയും നിരുത്സാഹവും നിറഞ്ഞുകഴിഞ്ഞാൽ പിന്നെ ഞാൻ ആഗ്രഹിക്കുന്ന ഏതു പാപവും അയാളെക്കൊണ്ട് ചെയ്യിപ്പിക്കാൻ എനിക്കു കഴിയും.''

നമ്മളിലെ എല്ലാ നന്മയേയും നശിപ്പിക്കുന്ന ദുർവികാരമാണ് നിരാശ. അതിനു ഒരിക്കൽപ്പോലും നമ്മൾ കീഴ്പ്പെട്ടുകൂട. ''നിനക്കു രക്ഷയില്ല എന്ന് ചുറ്റുമുള്ള ലോകം അലമുറയിടുമ്പോഴും. ''എനിക്കു രക്ഷയുണ്ട്, ഞാൻ പ്രയത്നിക്കും, വിജയിക്കും'' എന്ന ദൃഢനിശ്ചയം നമ്മൾ ധീരതയോടെ നെഞ്ചിലേറ്റണം. നമ്മുടെ നിരാശയ്ക്കു കാരണമെന്തെന്ന് സ്വയം കണ്ടെത്തുകയും അതുമൂലമുണ്ടാകുന്ന ദേഷ്യം വെറുപ്പ് തുടങ്ങിയ വികാരങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യണം. എന്താണ് തനിക്കു സംഭവിച്ചത്, എന്തുകൊണ്ട് അതു സംഭവിച്ചു എന്നു ചിന്തിക്കുന്നതിലൂടെ മനസ്സിനെ പാകപ്പെടുത്താനും നിരാശമാറ്റാനും കഴിയും. മറ്റുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുകയും സുഹൃത്തുക്കളെ കാണുകയും നല്ല പുസ്തകങ്ങൾ വായിക്കുകയും വ്യായാമങ്ങളിൽ ഏർപ്പെടുകയും നല്ലവണ്ണം വിശ്രമിക്കുകയും ചെയ്താൽ നിരാശയെ മറികടക്കാം.

നമ്മുടെ ജീവിതത്തിൽ വെളിച്ചം വീശുന്ന വിളക്കാണ് പ്രതീക്ഷ. എന്നാൽ ദേഷ്യവും വെറുപ്പും നിരാശയുമൊക്കെ അതിന്റെ കരി നിഴലുകളാണ്. നമുക്കൊപ്പം വിളക്കുവേണം എന്നാൽ അതിന്റെ കരിനിഴൽ നമ്മുടെ പാതയിൽ ഇരുൾ പരത്താനും പാടില്ല. അതിനുവേണ്ടി ആദ്ധ്യാത്മികത മനസ്സിലാക്കണം. ലോകത്തിന്റെ സ്വഭാവം അറിഞ്ഞിരിക്കണം. പ്രതീക്ഷിക്കുന്നതുപോലെ എപ്പോഴും നടക്കണമെന്നില്ല. അതിനാൽ പ്രതിസന്ധികളെ നേരിടാൻ നമ്മൾ മാനസ്സികമായും തയ്യാറാകണം. അപ്പോൾ നിരാശ നമ്മെ സ്പർശിക്കുകയില്ല. സോപ്പുകുമിളകളുണ്ടാക്കി കളിക്കുന്ന കുട്ടികൾ, സൂര്യപ്രകാശത്തിൽ മഴവില്ലുപോലെ തിളങ്ങുന്ന കുമിളകൾ ചുറ്റും ഒഴുകി നടക്കുന്നതു കണ്ട് ആഹ്ലാദിക്കുന്നു. അവ തകരുമ്പോൾ വീണ്ടും ഉണ്ടാക്കി വിടുന്നു. അല്ലാതെ കുട്ടി പൊട്ടിയ കുമിളകളെയോർത്തു ഒരിക്കലും ദുഃഖിക്കാറില്ല. എല്ലാ കുട്ടികൾക്കും സ്വാഭാവികമായി ഉണ്ടാകുന്ന ഈ സ്ഥിരോത്സാഹവും പ്രസരിപ്പും നമുക്കു നിലനിർത്താൻ കഴിയണം.

**ചോദ്യങ്ങൾ :**

(i) ശുഭാപ്തിവിശ്വാസത്തോടെ ജീവിതത്തിൽ മുന്നോട്ടുപോകണമെന്ന് പറയാനുള്ള കാരണങ്ങൾ വിവരിക്കുക. [3]

(ii) ചെകുത്താൻ വിൽപ്പനയ്ക്കുവച്ച ഉപകരണങ്ങളും അതുനൽകുന്ന സന്ദേശവും വിവരിക്കുക? [3]

(iii) കുട്ടികളിൽ കാണുന്ന സ്ഥിരോത്സാഹം മുതിർന്നവരിലും നിലനിർത്താൻ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി വിവരിക്കുക. [3]

(iv) മുകളിൽ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തു നിന്നും ഉത്തരങ്ങൾ കണ്ടെത്തുക. [1]

(a) 'മോശപ്പെട്ട വികാരം' എന്നർത്ഥം വരുന്ന പദമേത് ?

(1) ദുഷ്‌വികാരം

(2) ദുർവികാരം

(3) അധർമ്മം

(4) ദുഷ്കർമ്മം

(b) മനസ്സിനെ സംബന്ധിക്കുന്നത് - ഒറ്റപ്പദം ഏത് ? [1]

(1) മനസംബന്ധം

(2) മനോനില

(3) മാനസ്സികം

(4) മാനസ്സികബന്ധം

(c) നമ്മുടെ ജീവിതപാതയിൽ വെളിച്ചംവീഴുന്ന വിളക്കാണ് പ്രതീക്ഷ. ഇതിന്റെ ആശയം എന്ത് ? [1]

(1) ശുഭാപ്തി വിശ്വാസത്തോടെ മുന്നേറണം

(2) ജീവിതത്തിൽ എന്തും സംഭവിക്കാം

(3) ജീവിതത്തിൽ നല്ലതുമാത്രം സംഭവിക്കും

(4) ജീവിതത്തിൽ കരിനിഴലുകൾ കാണും

(v) ശരിയായ ഉത്തരങ്ങൾ എടുത്തെഴുതുക

(a) ഏതു പാപവും നമ്മളെക്കൊണ്ട് ചെയ്യിക്കാൻ കഴിയുന്ന ഉപകരണം ഏത് ? [1]

(1) അധികാരമോഹവും വെറുപ്പും

(2) ക്രോധവും കാമവാസനയും

(3) നിരാശയും നിരുത്സാഹവും

(4) അഹങ്കാരവും സ്വാർത്ഥതയും

(b) ശുഭാപ്തിവിശ്വാസത്തിനു യോജിക്കുന്ന വിശേഷണം ഏത് ? [1]

(1) സോപ്പുകുമിളകൾ

(2) സൂര്യപ്രകാശം

(3) പൊട്ടിയ കുമിളകൾ

(4) പനിനീർപ്പൂവ്

(c) വെറുപ്പിന്റെയും നിരാശയുടെയും വിദ്വേഷത്തിന്റെയും കരിനിഴൽ വീഴാതിരിക്കാൻ എന്തു ചെയ്യണം ? [1]

(1) എപ്പോഴും ആഹ്ലാദിക്കണം

(2) സ്ഥിരോത്സാഹം വേണം

(3) ചെകുത്താന്റെ ദുഷ്ടത അറിയണം

(4) ആദ്ധ്യാത്മികത മനസ്സിലാക്കണം

**Question 3**

**(A) Answer the following questions as per the instructions given.**

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം എഴുതുക.**

(i) താഴെക്കൊടുത്തിരിക്കുന്ന തെറ്റായ പ്രസ്താവന തിരുത്തിയെഴുതുക. [1]

ഏകത്വത്തിൽ നാനാത്വം ദർശിക്കുന്ന നാടാണ് ഭാരതം

(ii) ഉചിതമായ പദം ചേർത്തു വാക്യം പൂർത്തിയാക്കുക. [1]

കിളിയെക്കൊണ്ട് കഥ പറയിക്കുന്ന രീതിയിൽ നിന്നാണ് __________ കിളിപ്പാട്ടു പ്രസ്ഥാനം ആരംഭിച്ചത്.

(iii) താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ശരിയായ രൂപം ഏത് ? [1]

(a) ഞങ്ങളെ പരിക്കുകളോടെ ഓടിക്കൂടിയ ജനങ്ങളാണ് രക്ഷപ്പെടുത്തിയത്.

(b) പരിക്കുകളോടെ ഓടിക്കൂടിയ ജനങ്ങളാണ് ഞങ്ങളെ രക്ഷപ്പെടുത്തിയത്.

(c) ഓടിക്കൂടിയ ജനങ്ങളാണ് ഞങ്ങളെ പരിക്കുകളോടെ രക്ഷപ്പെടുത്തിയത്.

(d) ഓടിക്കൂടിയ ഞങ്ങളെ ജനങ്ങളാണ് പരിക്കുകളോടെ രക്ഷപ്പെടുത്തിയത്.

(iv) ശരിയായ പദം ഏത് ? [1]

(a) ജീവത്ശവം

(b) ജീവശ്ശവം

(c) ജീവച്ചവ

(d) ജീവച്ഛവം

(v) ശരിയായ ഒറ്റപ്പദം ഏത് ? [1]

കഥ എഴുതുന്ന ആൾ

(a) നിരൂപകൻ

(b) സാഹിത്യകാരൻ

(c) കഥാകൃത്ത്

(d) കവയിത്രി

**(B) Use the idioms in the sentence as per the instructions given.**

**തന്നിരിക്കുന്ന ശൈലികൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക.**

(i) താഴെക്കൊടുത്തിരിക്കുന്ന ശൈലി ഉപയോഗിച്ച് ഒരു വാക്യം നിർമ്മിക്കുക. [1]

നെല്ലിപ്പലക കാണുക

(ii) ഉചിതമായ ശൈലി ചേർത്തു വാക്യം പൂർത്തിയാക്കുക [1]

വർത്തമാന പത്രങ്ങളോ വൈദ്യുതിയോ എത്തിച്ചേരാത്ത ________ കളുടെ വികസനത്തിനാണ് തന്റെ ഗവൺമെന്റ് മുൻഗണന നൽകുന്നതെന്ന് മുഖ്യമന്ത്രി സഭയിൽ പ്രസ്താവിച്ചു.

(a) ഓണംകേറാമൂല

(b) അമരം പിടിക്കുക

(c) കരതലാമലകം

(d) ഊണിലും ഉറക്കത്തിലും

(iii) താഴെക്കൊടുത്തിരിക്കുന്ന ശൈലിയുടെ അർത്ഥം എടുത്തെഴുതുക. [1]

മംഗളം പാടുക

(a) തുടക്കം കുറിക്കുക

(b) അവസാനിപ്പിക്കുക

(c) സന്തോഷം ഉണ്ടാക്കുക

(d) ഉത്സവം കൊണ്ടാടുക

**(C) Use the proverbs in the sentences as per the instructions given.**

**തന്നിരിക്കുന്ന പഴഞ്ചൊല്ലുകൾ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രയോഗിക്കുക**

(i) താഴെക്കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ ആശയം എടുത്തെഴുതുക.

അണ്ണാറക്കണ്ണനും തന്നാലായത് [1]

(a) ഉന്നതസ്ഥാനത്ത് എത്തുക

(b) അർഹത ഇല്ലാത്തവർക്ക് ഉന്നതസ്ഥാനം നൽകുക

(c) എത്ര നിസ്സാരനും തന്നെക്കൊണ്ട് കഴിയുന്നത് ചെയ്യാം

(d) ധാരാളം വേണ്ടിടത്തു കുറച്ചു മാത്രം നൽകുക

(ii) താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പഴഞ്ചൊല്ല് ഏത് ? [1]

(a) ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാം

(b) തീയിൽ കുരുത്തത് വെയിലത്തു വാടും

(c) ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽ തന്നെ.

(d) പണം കൊടുത്തു കടിക്കുന്ന പട്ടിയെ വാങ്ങാം.

## SECTION - B
## (LITERATURE - 40 MARKS)

***Answer four questions from this section on any three out of the four prescribed textbooks.***

***നിർദ്ദേശിച്ചിരിക്കുന്ന നാലുപാഠപുസ്തകത്തിൽ ഏതെങ്കിലും മൂന്നെണ്ണത്തിൽ നിന്ന് നാലു ചോദ്യത്തിനു ഉത്തരം എഴുതുക.***

### ഗദ്യകൈരളി (GADYAKAIRALI)

**Question 4**

ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ തൊഴുന്നതിനോളം വലിയൊരു നാണക്കേട് ലോകത്തിനുണ്ടോ ?

(i) സെക്രട്ടറിയുടെ മുന്നിൽ തൊഴുതു നിൽക്കാൻ വിശ്വനെ പ്രേരിപ്പിച്ച സാഹചര്യം എന്തായിരുന്നു ? [1]

(ii) ആറ്റിൽക്കളയുമ്പോഴും അളന്നു കളയണമെന്ന ചൊല്ലിന്റെ സാഹചര്യം എന്തായിരുന്നു ? [2]

(iii) തന്റെ ജീവിതവും കൊമാലപോലെ യാണെന്നു വിശ്വനു തോന്നിയതെപ്പോൾ ? [2]

(iv) ഒരു പുതിയ വാർത്താസംസ്കാരത്തിന്റെ ദൃശ്യവിരുന്നാണ് കൊമാല ചർച്ച ചെയ്യുക. [5]

**Question 5** [10]

'ആരും കള്ളനായി ജനിക്കുന്നില്ല. അതുകൊണ്ടുതന്നെ അവനെ തിരുത്താൻ മാനുഷികമായ ഇടപെടലുകളാണ് വേണ്ടത്, നിയമങ്ങളല്ല.' കള്ളൻ എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

**Question 6** **[10]**

വർത്തമാന കാലത്തിന്റെ ഒരു നേർ ചിത്രത്തിലൂടെ, കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളും ചിന്താഗതികളുമാണ് സമൂഹം ആവശ്യപ്പെടുന്നത് എന്ന ഓർമ്മപ്പെടുത്തലാണ് ''ഗുരുകുലം'' എന്ന കഥ - നിങ്ങളുടെ അഭിപ്രായം വിവരിക്കുക.

20430799

## കാവ്യാഞ്ജലി (KAVYANJALI)

**Question 7**

'വിഷ വല്ലരി തിന്നോ?'

വിപിനാന്തരാളത്തിൻ -

(i) ആനയുടെ ചേതനയെ ഉണർത്തിയത് എന്ത് ? **[1]**

(ii) രാത്രിയകലുമ്പോൾ കാണുന്നത് എന്തെല്ലാം ? **[2]**

(iii) ആനക്കൂട്ടവും പുരുഷാരവും കൊമ്പന്റെ കണ്ണുകളിൽ എങ്ങനെ കാണപ്പെട്ടു. **[2]**

(iv) ചെറുപ്പകാലത്തു കാട്ടുപാതയിലൂടെയുള്ള യാത്രയുടെ ഓർമ്മകൾ എന്തെല്ലാമായിരുന്നു ? **[5]**

**Question 8** **[10]**

ഒരു പൂവിന്റെ അകാലപതനത്തിലൂടെ, മനുഷ്യജീവിതത്തിലെ അതിസൂക്ഷ്മമായ ചില ഭാവങ്ങളെ ഹൃദയസ്പർശിയായി ആശാൻ 'വീണപ്പൂവിൽ' അവതരിപ്പിച്ചിരിക്കുന്നു. വിശകലനം ചെയ്യുക.

**Question 9** **[10]**

''ആ വിശുദ്ധമാം മുഗ്ദ്ധ -
പുഷ്പത്തെക്കണ്ടില്ലെങ്കിൽ !
ആ വിധം പരസ്പരം
സ്നേഹിക്കാതിരുന്നെങ്കിൽ''

-സൂര്യകാന്തി എന്ന കവിത ആസ്വാദക ഹൃദയത്തിൽ പുതിയൊരു അനുഭവമാണ് സൃഷ്ടിക്കുന്നത്. വിശകലനം ചെയ്യുക .

## അസുരവിത്ത് (ASURAVITH)

**Question 10**

മരണം അങ്ങനെയാണ്. ആവശ്യക്കാരുടെ വാതിൽക്കൽ ഒരിക്കലും വിളിക്കാറില്ല.

(i) ഇപ്രകാരം ചിന്തിച്ചത് ആര് ? എപ്പോൾ ? **[1]**

(ii) ഹൈഡ്രോസിനോടു അറുമുഖത്തിന് ബഹുമാനം തോന്നിയത് എപ്പോൾ ? **[2]**

(iii) അറുമുഖന്റെ തിരിച്ചുവരവ് ദുന്തമായിരുന്നു - ഈ വാക്കുകളിലൂടെ വിശദമാകുന്നതെന്ത്? **[2]**

(iv) ഗോവിന്ദൻകുട്ടിയുടെ ജീവിതത്തിൽ വന്നുചേർന്ന മാറ്റങ്ങൾ എന്തെല്ലാം ? **[5]**

**Question 11** **[10]**

താഴത്തേതിൽ തറവാടിന്റെ അടുക്കളയുടെ ഇരുട്ടിൽ കരിപുരണ്ട് കിടന്ന ഒരു വിളക്കാണ് കുഞ്ഞോപ്പോൾ. എം.ടി. യുടെ ഏറ്റവും മികച്ച ഒരു കഥാപാത്രം. വിശകലനം ചെയ്യുക.

**Question 12** **[10]**

''കള്ളനോടു തോന്നിയ വെറുപ്പ് പതുക്കെ മാഞ്ഞുവരുന്നതായി തോന്നി''

പുഴയിൽച്ചാടിമറഞ്ഞ ഗോവിന്ദൻകുട്ടിയെപ്പറ്റിയുള്ള നെബീസുവിന്റെയും ബാപ്പുവിന്റെയും ചിന്തകളും വേദനകളും വിവരിക്കുക.

## ആ മനുഷ്യൻ നീ തന്നെ (AA MANUSHYAN NEE THANNE)

**Question 13**

ഉന്നതമായ ഒരു ലക്ഷ്യം ഉണ്ടായിരിക്കുകയാണ് സൈന്യത്തിന് ഉത്സാഹം

(i) കാര്യം സമമായി എന്നു യോവാബ് പറഞ്ഞത് എന്തുകൊണ്ട് ? **[1]**

(ii) ദാവീദ് പഴയ കാലത്തെക്കുറിച്ച് ഓർക്കുന്നത് എന്തെല്ലാം ? **[2]**

(iii) ''യുദ്ധം ഒരു രസമല്ല'' യുദ്ധത്തെക്കുറിച്ച് ഇസഹാക്ക് പറഞ്ഞതെന്ത് ? **[2]**

(iv) മുപ്പതു ദിവസത്തിനകം രബ്ബകീഴടക്കാൻ ദാവീദ് പദ്ധതിയിട്ട യുദ്ധതന്ത്രം വിവരിക്കുക. **[5]**

---

**Question 14** **[10]**

സ്വാർത്ഥതയ്ക്കും അഭിലാഷങ്ങൾക്കും പിന്നാലെ പാഞ്ഞു. ദാവീദ് ഒരു ദുരന്തനായകനായി മാറി സമർത്ഥിക്കുക.

**Question 15** **[10]**

ധീരസാഹസികത്വവും നിയന്ത്രിക്കാനാവാത്ത ചോരത്തിളപ്പുമുള്ള ഊറിയ എന്ന കഥാപാത്രത്തിന്റെ അസാധാരണമായ വ്യക്തിത്വം നാടകത്തിലുടനീളം ദൃശ്യമാകുന്നുണ്ട്. വിശകലനം ചെയ്യുക.

20430799
20430799
20430799

SEAL